**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2469** **12-12-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ പൊതുസർവീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ പൊതുസർവീസിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിയമനാധികാരം കരട് വിജ്ഞാപനത്തിൽ നിന്ന് വിഭിന്നമായി, ചീഫ് എഞ്ചിനീയറിൽ നിന്നും പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും സ്പെഷ്യൽ റൂൾ പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള എല്ലാ തസ്തികകളുടെയും നിയമനാധികാരി സർക്കാരും അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള എല്ലാ തസ്തികകളുടെയും നിയമനാധികാരി പ്രിൻസിപ്പൽ ഡയറക്ടറുമാണ്. |
| (ബി) | പൊതുസർവീസ് രൂപീകരിക്കപ്പെടുമ്പോൾ ചീഫ് എഞ്ചിനീയർക്ക് മറ്റ് ഉദ്യോഗസ്ഥരിലുള്ള നിയന്ത്രണം നഷ്ടമാകുന്നതോടെ, വിവിധ പ്രവൃത്തികളുടെ നടത്തിപ്പിനെ ഇത് സാരമായി ബാധിക്കുമോ; വിശദമാക്കാമോ; | (ബി) | പൊതുസർവ്വീസിന്റെ ഭാഗമായി വകുപ്പ തലവൻമാരുടെയോ ഉദ്യോഗസ്ഥരുടെയോ ചുമതലകളൊന്നും നഷ്ടമാകുന്നില്ല. അതുകൊണ്ട് തന്നെ വിവിധ പ്രവൃത്തികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇതിന്റെ ഭാഗമായി രൂപീകൃതമായ ഇന്റേണൽ വിജിലൻസ് വിംഗിൽ എഞ്ചിനീയറിംഗ് വിംഗിന് പ്രാധാന്യം നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | നിലവിൽ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ രൂപീകരണം അന്തിമമായിട്ടില്ല. |
| (ഡി) | പ്രസ്തുത സർവീസിലുള്ള ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് തദ്ദേശസ്വയംഭരണ ജീവനക്കാർക്ക് പ്രൊമോഷൻ ട്രാൻസ്ഫർ ഇല്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് ഗ്രൂപ്പ് IV കാറ്റഗറി I ലെ ജീവനക്കാർക്ക് ബൈട്രാൻസ്ഫർ നിയമനം നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ